ഗതിതുടരവെ മുന്നിലങ്ങു ധീമാ-
ക്കൃതികലരുന്നൊരരണ്യമാളുകണ്ടാർ. 134

വിടപികളിലിഴകൾ ദക്ഷത്തും
പടപൊരുതനിന്ദ്രഗോപത്രിണങ്ങളെന്നോ
അടവിതനിൽ നിഴലെത്തുടർത്തുപോരാ-
തകവിരയാകുന്ന തലമതിൽ ചിതറിപ്പോയാം 135

കൊടിയതരമായ്വന്നിടുന്ന കാട്ടിൽ
വടിവിനൊടവർ കണ്ടു കേളിയാടി
പടുതിനേൽ വിരിയിച്ചുവന്ന പുത്രീ-
നടിനിയാക്കി നാകി ഞാനങ്ങൾ താപമേറ്റം 136

വിരഹജപരിതാപമേറിവിങ്ങം-
ഭവത്തെ വീക്ഷണങ്ങളെക്കുരയായി
ചിരമധികമായ്ന്ന്നടന്നു ലോക-
സ്മരണമറന്നവരന്നു സ്വർഗ്ഗം തേടി 137

പുളിനമതിലിരുന്നങ്ങുട്ടി-
ട്ടുളികളാൽ വണിജനം നിറഞ്ഞ ഭക്തർ
നളിനമുഖികളായതാം ജനങ്ങളെപ്പു-
കിളിമൊഴിമാർ തിയിൽ വാഴ്ത്തുവാൻ തുടങ്ങി 138

തുള്ളീട്ടം വിരഹാതിരേകാൽ വിപിനം
തോറും തിരഞ്ഞാരെയും
നാളീകാസ്ത്രശരങ്ങളേറ്റ് മുറിയും
ഗോപീജനം തല്പരം
കാളിന്ദീതടഭൂവിലെത്തി വള്ളൽ
ഭക്ത്യാദരാൽ തൽ ക്ഷണം
നാളീകേക്ഷണ വീക്ഷണാദ്യ കൃതയാ
സ്തോത്രം ചൊല്ലീടിനാർ. 139

മൂന്നാം സർഗ്ഗം

മാരാർശരാർത്തിയൊടു ഗോകുലനാരിമാരാ-
കാന്താരമൊക്കെനടകൊണ്ടുതിരഞ്ഞൊടുക്കം
വന്താപമോടുയമുനാതടഭൂവിലെത്തി-
ചെന്താർദളാക്ഷനെനിനച്ചുഭജിച്ചുവാണു. 1

താരമ്പുതൻ പതിപിരിഞ്ഞൊരുമൂലമുള്ളം
പാരംതപിച്ചുമരുവുന്നതരംഗ്രഹിച്ചു
താരമ്പനമ്പുകളൊരൊന്നുടനമ്പനേകം
സാരംഗനേത്രകളിലെയ്തുവലക്കഴക്കി. 2

“ഹേമാര!വീര! തവ വാമ്പുകളെന്തിനേവം
വാമാജനത്തൊടു തുടർന്നു വിവേകഹീനം.
ഈമാതിരിക്രിയകളെത്ര വിനിന്ദ്യമേതു-
സാമാന്യനും, ബത ഭവാൻ ഭുവനൈകവീരൻ 3

ഈവണ്ണമിത്തരുണിമാരെ വലച്ചുമേവും
ദേവൻമുരാരിയൊടെതിർത്തടരാടിയിപ്പോൾ
പൂവമ്പ! നീ വിജയമേലുകിൽമാത്രമോതാം
ആവമ്പനെന്നതവകാശകംവിയഥാർത്ഥമെന്നായ് 4

കണ്ടല്ലീ! നിൻദയിതനാണൊരു വൃജന്തീ-
സൌന്ദര്യവിഭ്രമരപിച്ചുവിഷിതയല്ലോ
നിൻമന്ദനക്ഷപിതപാതം. വിനോത്ഭവഗം
വൻമല്ലികക്കളമതർപോലവനെക്കയർക്കു 5

ഇക്കണ്ണിലഞ്ജനമെഴുതിക്കരിച്ചുറവിട്ട
ഉക്കണ്ണനൊയുമൊരു പുഷ്പിനാ ശ്രീ സിംഹാതൊരൻ.
അക്കല്ലുളുപനമ്പ് ഷോതമകനാം മുകുന്ദ,-
നിക്കഞ്ജനേർ മിഴികൾതെല്ലുമൊസിമാരം 6

ഹന്താന്തരംഗമുചിതമൊട്ടു നന്ദജൻതൻ
കാന്താജനങ്ങളിലിതവിധമാചരിച്ചാൽ
എന്താകുമങ്ങയുടെ ഭാവിയതെന്ന ചിന്ത
പൊന്താത്തതെന്തയി മനോമവേ! നിന്നിലേതും 7

മല്ലാരിതൻ പരമശത്രുതയെത്തുകൊണ്ടെ
പുല്ലാക്കിമന്ദഹ! ഭവാൻ, മമമിത്രവെണ്ട
വല്ലായ്മ പണ്ടുഹരനോറ്റിയ തോർമ്മയുണ്ടോ?,
മല്ലാസ്ത്ര! വമ്പൊരതിപ്പതിനോർത്തുവേണം 8

എന്നല്ലനിന്റെ നിശിതമ്പുഗണം തറച്ചു-
ചെന്നല്ലലേറെയണവിഷക്തിയായിതല്ലോ,
നിന്നന്തരംഗഗതമായതഹോ ഫലിച്ചു-
വെന്നംഗജാത! കരുതാസ്സുഭിമാനപൂർവ്വം

താരാധിനാഥമുഖിമാരിലസഹ്യമാമീ-
ലോകാഭിരാമത്തിനെഴുമേകനിലയായ്
നാരായണന്റെ വിരഹം,മഹാമയെന്നിവമേ
നീരാജനം ചെയ്തിതങ്ങ! മനതളിരിന്ന 10

ഭ്രൂചാപ്രഭാവമതിലായതിലാരോമൽ-
ശ്രീവല്ലഭന്റെ പദപൂജനമാചരിപ്പാൻ.
ഈ വല്ലവീപരിഷ കൈകൾ ശരണമെപ്പോഴും നിൻ-
പൂവമ്പിനാൽ കൊണ്ടതാണെഴുത്തുമെന്നും" 11

പാരാതിഹന്തിലഴകിന്നൊരുവല്ലിയേറും
ശ്രീരാഗവല്ലിപടരും തരുവാം മുകുന്ദൻ
നേരായതൂതയുളിർക്കുന്നതുമകിടാത്ത-
ന്നാരാമമാമഴിയുമാധിയിലാണ്ടുപോയി 12

മീനം തൊഴുംമിഴികൾ മാരശരങ്ങളേറ്റു
ദീനങ്ങളായ ഹൃദയങ്ങളിലിപ്രകാരം
ആനന്ദപൂർണ്ണരസമാം ഹരിതൻ സ്വരൂപ-
ധ്യാനം തുടർന്നപരമുള്ള ഭേദിയോടെ. 13

പാരായചാതകമതിന്നതി തൃഷ്ണയെല്ലാ-
മാരാലകറ്റുമൊരു കാർമുകിൽ മാലപോലെ
സ്ഫാരാഭകാല്യമതിനീലിമയാണ്ടിരുന്ന
നാരായണന്റെ കബരീഭരഭംഗിയേയും, 14

തങ്ങൾക്കിരിക്കവന്ന മധുവുണ്ടു മദിച്ചിടുന്ന
വണ്ടാണിതെന്നു മതിവിഭ്രമമേറ്റമാർക്കും
ഉണ്ടായിടുംപടി മനോഹരമായ് പിറുങ്ങി-
ക്കൊണ്ടാടിടും കുടിലകുന്തള കാന്തിയെയും, 15

പൂർണ്ണേന്ദുബിംബശകലത്തിനു ക്രാന്തി കണ്ടു
വൈരിത്വമിന്നിയന്നു വിഷ്ണുപദത്തിലേറാൻ
ഹാ! തിങ്കളെത്തുമൊടെഴും ചെറുമാർഗ്ഗമസ്സിൻ
ഫാലിതപമുള്ള ഫലിതത്തെ ഞാനറിയെയും, 16

ലാളിത്യമാർന്നതൊരുവാർന്നമുരാരിതൻ ഭ്രൂ-
ധൂളിപ്രലിപ്തതിലകക്കുറിഭംഗിയെയും,
കാളിന്ദിതന്നിലിളകിത്തെളിവാർന്നവീചീ-
പാളിക്കു തുല്യതയെഴും പുരികങ്ങളേയും, 17

അംഭോജഭാസ്വദലകങ്ങളെയാകമാനം
ഡംഭോടു വെൽവതിനെഴുന്നൊരലംചയങ്ങളും,
അംഭോരുഹാക്ഷം, അതു തൻപ്രഭയെ കവർന്നു-
ള്ളംഭോദവർണ്ണനുടെ ലോചനഭംഗിയെയും, 18

വൈവസ്വതന്റെ വിളിയോർത്തു ഭയന്ന ലോകം
വൈവശ്യമോടു പറയും പരിപാഹിവാക്യം
കൈവന്നു പക്ഷനിവസിപ്പൊരു ചാരുകമ്രം
കൈവല്യമേകുമവനായുമകർണ്ണശോഭയെയും, 19

പ്രാണാനിലന്നമിതസൌരഭമേററിട്ടും ഗീ-
ർവ്വാണാലയോപവനമാതന്വദഭിരാമം.
വീണാധരപ്രണയിയാം പുരുഷോത്തമൻതൻ
ഘ്രാണാർത്തിട്ടൊരതിരററസുനാസയേയും, 20

നിത്യംപ്രപഞ്ചമഖിലംനിഴലിച്ചുകാണും
പ്രത്യഗ്രശോഭകലരുംമണിദർപ്പണംപോൽ
അത്യന്തനിർമ്മലതയാതെളിവാർന്നിണങ്ങും
സത്യസ്വരൂപന്റെഗണ്ഡതലങ്ങളേയും 21

താരുണ്യമുള്ളപവിഴപ്പൊടി തൻകുരുത്തം-
ചേരുന്നപല്ലവപുടങ്ങളിലിട്ടമന്ദം
വാരററനൽസുധതളിച്ചുകഴിച്ചുതീർത്ത
കാരുണ്യമൂർത്തിയുടെ നല്ലധരാളിയേയും, 22

സൌരഭ്യവും മധുവുമെന്നിറഞ്ഞുനന്നായ്
നീരന്ധ്രനിർമ്മലതയാർന്നുവിടർന്നിരുള്ള
സ്വൈരംവിളങ്ങുമൊരുമാലതിമാലതൻശ്രീ-
പൂരംകവർന്നൊരതിമന്ദസ്മിതശോഭയേയും 23

ഭൃംഗാളിയിൽകൊതികലർത്തിമരന്ദമൂറി-
ശൃംഗാംബുതന്നിൽവികസിച്ചെഴുമംബുജത്തെ
ഭംഗാരമാക്കിവിലസുംപടികേശവൻതൻ
തുംഗാഭതൂകിയഴകും മുഖകാന്തിയേയും 24

ന്നേരൊറഴ്ന്നനവരത്നശതം പതിച്ചു
പാരം വിളങ്ങുമൊരു പൊൻവളയാളിയോടും
ആരക്തപല്ലവനിഭം ശ്രീപാണിയോടു-
മാരമ്യമായ കരവല്ലിയുഗങ്ങളെയും, 25

ഗോപാലകാംഗനകൾ തൻ മനതാരിവണ്ണം
ഹാ! പാട്ടിലാക്കുവതിനും വനമാനയിച്ചു
താപാന്ധ്യമേകുവതിനും കഴിവാർന്നെഴുന്ന
ഗോപാലകൻെറ മുരളീവരശോഭയെയും, 26

പീവപ്രഭാകലിതമായ ഗളത്തെയും ത-
ല്ലാവണ്യമേറുമൊരു കൌസ്തുഭകാന്തിയെയും
ശ്രീവത്സമാം മറുവഹിച്ചഴകേറെയൂറും
ശ്രീവല്ലഭൻെറ വിരിവാർന്നൊരു മാറിനേയും 27

ശ്രീലാസ്യസൂനനിരകൊണ്ടു രചിച്ചു വന്യ
മാലാളിയെയുമതിലുള്ളളിപങ്ക്തിയെയും
കോലാഹലത്തൊടിളകിത്തെളിവാർന്നുമിന്നും
ചേലാർന്നിടും വിവിധഹാരഗണങ്ങളെയും. 28

പാപാന്ധഗർത്തമതിൽ വീണുഴലുന്ന നാനാ
താപാർത്തരിങ്ങു കരകേറണമെന്നപോലെ
പാപാപഹൻ പണികഴിച്ചൊരു കേളിമാർഗ്ഗ-
സോപാനമാം ത്രിവലിതൻമഹിമാവിനേയും 29

ആനന്ദമാം മധുവഴിഞ്ഞൊഴുകും സരോജ-
സൂനംകണക്കു വിലസുന്നൊരു നാഭിയേയും
ആനൽപ്രസന്നതകളും തളിരിൻസമാന-
പീനപ്രകാശവലിയേലുന്നതോദരെയേയും. 30

പഞ്ചാംഗരാഗപരിലിപ്തസുഗന്ധമാല്യം
തഞ്ചുന്നഗാത്രമതിനാലുലകത്തെയെല്ലാം
അഞ്ചാതെതൻവശമതാക്കിയെഴുംയശോദാ-
പിഞ്ചായബാലന്റെമഹിമാതിശയങ്ങളെയും, 31

പ്രത്യക്ഷമെങ്കിലുമിഹത്തിലഹോ!നിനച്ചാൽ
സത്യത്തിൽനിർഗ്ഗുണമെന്നതുപോലെ
അത്യന്തശുഭ്രമയമായ്‌വിലസുന്നസാക്ഷാൽ
ശ്രുത്യന്തവേദ്യനുടെയൈശ്വര്യമശേഷിയേയും, 32

സ്ഫീതോരുമേരുശിലാതമൽപരിതപ്തഹേമ-
ക്രീതാവിടുന്നതുവിധംഭുവനാഭിരാമം
ശ്രീതാർക്ഷ്യവാഹനഴകോടഹോ!ചാർത്തിടയാത്ത
പീതാംബരത്തിനുടെപാവനശോഭയേയും. 33

സൂര്യന്റെപോതഗണമെന്നതുപോലെനാനാ-
വൈരംപതിച്ചതിതരപ്രഭതൂവിടാറാം
മൈസൂരംവിളങ്ങിയിളകുംമണിനാദമോലു-
മാരമ്യകിങ്കിണിയെയും കളകാഞ്ചിയേയും, 34

ചിത്തങ്ങളെന്നിയേ, യാപ്പരിപ്ലുതികൊണ്ടു
നേത്രങ്ങളിലുള്ള രോമങ്ങളിങ്ങതെളിഞ്ഞതുപോലെ
ഗാത്രാന്തരേതിലസൃഷ്ടിമപടാന്തരത്തിൽ-
ച്ചിത്രംതെളിഞ്ഞതിയലുമുപയജ്ഞസൂത്രയേയും, 35

അപ്പാൽപയോധിസുതതന്റെമഹേന്ദ്രജാല-
മെപ്പോഴുംവിലസുമത്തനജാനകയേയും
കല്പാദിനൊകെയുമാശുമണുടയവൻ ത-
ന്നപ്പാരിജാതസമമാമിതജംഘയേയും, 36

ഘോരാമയത്തിലലിയുന്നതിജാഗ്രതിക്കു
പാരാതെശീതളമമൃതത്തിനെന്നപോലെ-
ന്നാരാൽനിലാവുചിതറീട്ടൊളിയാന്നമിന്ദു-
ർന്നാ, രാജതുല്യമമലംനഖപങ്ക്തിയേയും, 37

നേരായ്ശ്രുതിക്കമൃതധാരപൊഴിച്ചിട്ടും ന-
ല്ലാരാഗമെന്നപടി, നത്തനമാടിടുകയാ
നാരായണന്റെതിരുനാമമുരച്ചീടുക-
മാറായമാനവരന്തഃപുരലക്ഷ്മിയേയും, 38

ശ്രീനാരദാദിജനമർച്ചനചെയ്യുന്നൊരാ
ന്നുനാളിയാൽപ്രതിനവംഭഗിതശോഭയേയും
മീനാങ്കനെന്നകപടമോദസവനായ് പിറന്നോ-
രാനായർകോന്റെ ചരണാംബുജരേണുക്കളെയും, 39

ക്ലേശാർദ്ദിതപ്രകൃതിമാർമതിയിൽ സമസ്ത-
ക്ലേശാപഹന്റെ കമനീയതമസ്വരൂപം
കേശാദിപാദമിതുമട്ടുനിനച്ചുമേൽ-
നാശാതരംഗിതമനസ്സൊടുടൻ സ്തുതിച്ചാർ. 40

“പാരംജയിച്ചുവിലസുന്നിതു ഗോകുലം നി-
ന്നാരമ്യജന്മപരിപൂരിത ഭാസ്സിനാലെ
താരംബയാം രമയുമെന്ന മതിവരാഗ-
പൂരത്തൊടങ്ങു നിവസിപ്പു നിരന്തരായം. 41

ജീവാധിനായക! ഭവൽപ്രണയൈഷിമാരാ-
മീവാമമാരഖിലമിക്കിലുമങ്ങയെത്താൻ
ഹേ വാസവാനുജ! തിരഞ്ഞുവലഞ്ഞു,തെല്ലു-
മാവാതിവർദ്ധിതവരോന്നമമേകിയാലും. 42

സോല്ലാസമാസ്സരളിഗ്ഗുരുരാസരിത്തിൽനില്ക്കും
ഫുല്ലാംബുജോദരസുശോഭകവർന്നകണ്ണാൽ
കൊല്ലായ്കദാസികളെനീകനിവിൻതരിമ്പു-
മില്ലാതെഹേവരദ!യെന്തിത/ഹത്യയെന്നോ? 43

ക്ഷേപളാംബു, കാററ,ശനി,വർഷമിവററയാലും
വ്യാളാഘ,വഹ്നി,മയസൂനു,വൃഷാദിയാലും
കാളാംബുദാഭ!വരമാത്തികളീവ്രജത്തി-
ലാളാതെനീബഹുവിധംതുണചെയ്തിതല്ലൊ 44

ഗോപാംഗനാതനയനല്ലവിലോതഭൃക്കാം
പാപാപഹൻ നിയതമങ്ങ, ജയാച്ഛമ്മൂലം
ഗോപാലബാലയത്തിലിത്തുമട്ടവിലപ്രപഞ്ച-
മാപാലനത്തിനവിടുന്നവതീർണ്ണനായി. 45

സംസാരഭീതിയൊടുപാദംപണിയുന്നവർക്കും-
ത്രാസാദിനീക്കിയഖിലേഷ്ടമുതകി നിത്യം
ശ്രീസാധുപാണിവരമേകുന്നസ്സുകുമാരംകരങ്ങൾ
നീ സാദരം തരിക! യിവർത്തങ്ങടെമൂർദ്ധ്നിവെച്ചു 46

ഹേവീര! ഹേവ്രജകുലോത്തമ! നിൻ ജനങ്ങൾ-
ക്കാവിർഭവിച്ചുമദനാശനമന്ദഹാസിൻ!
സേവിച്ചുഭക്തിയൊടെഴും തവദാസിമാർക്ക
ഗോവിന്ദ'പാദമുഖദർശനമേകിയാലും. 47

ശ്രീമന്ദിരം.ഗുണപയോനിധ,മാപ്ഫണീന്ദ്ര-
ഭീമസ്ഫടാർപ്പിത,മഹോ!പണിവോക്കഖില്ലം
തേമഞ്ജുപാദകമലങ്ങൾ കുചങ്ങളിൽ ചേ-
ർത്തീടുകാമരുജയകറ്റിയാലും 48

ബൈസ്വരംസുരമൃതമധുരം തിരളുന്നതായും
സാരജ്ഞരാകിയബുധർക്കതിഹൃദ്യമായും
നീരന്ധ്രമാധുരികവിഞ്ഞൊഴുകുന്നതായും
നേരററനിന്മൊഴികളാലിവർ മോഹമാന്നു. 49

ഈവണ്ണമംബുജവിലോചന! മോഹമായോ-
രാവർത്തമാണ്ടു തവദാസിജനം വലഞ്ഞു.
ദേവ! ത്വദീയമധരാമൃതമാസ്വദിപ്പി-
ച്ചീവല്ലവീനിരയെ വീര! സജീവരാക്കു. 50

പാപാപഹം, കവികളാൽ പ്രണുതം, പ്രശാന്തം
താപാർത്തജീവന, മഹാശ്രുതിമംഗലാഢ്യം
ഗോപാല! നിന്നുടെ കഥാമൃതമായതാരു
ഹാ! പാടിടുന്നിതവർതാൻ ബഹുദാനശീലർ 51

ശ്രീമത്സ്മിതം, മനനമംഗളകേളി, യമ്പാ
ർന്നോരു കടാക്ഷ,മയി! ഹൃത്സ്പൃശമായ് രഹസ്സിൽ
തേമൊത്ത ജ്ഞാനവിധി, ഹേ പ്രിയ! യെന്നിതെല്ലാം
ഈ മന്ദഭാഗ്യകടെ ചിത്തമിളക്കിയേറ്റം 52

അമ്പാടിവിട്ടു വിപിനാൻ പശുക്കൾപ്പിന്നാ-
യമ്പോടു പോകുമളവംബുജസുന്ദരാഭം
നിമ്പാദമോർത്തു ലയനാകുലമേറുമൊന്നാ-
ത്തെമ്പാടുമോർത്തിവരഴൽക്കയമാണ്ടിടുന്നു 53

നീലാളകങ്ങളാൽ ചിതറിപ്പൊടിപാറിയേറ്റം
ലോലാഭമാം വനജഹാസനമീക്ഷചെയ്വാൻ
നീലാക്ഷികൾക്കരുളീടുയിവീര! മാര-
മാലാറ്റിലെങ്ങളെയിറക്കിടിനാന്തിതോറും 54

കാമാന്ധിതങ്ങളിൽവളർത്തിയതെന്നിദമനി-
സ്സീമാഭിമർശസുഖസംഗമമേകിയാണീ
മാമാനനീയഗുണശീല!യിവൾക്കനന്യ-
സാമാന്യനാകിയൊരു വല്ലഭനങ്ങുതന്നെ 55

കാമപ്രദത്വമതരേതരമാക,മജാദിവന്ദ്യം,
ബ്രഹ്മണ്യനം, വിപദിസംസ്മരണാന്തയോഗ്യം
ക്ഷേമപ്രദം തവപദാംബുജമെന്നകക്കാമ്പിൽ
പ്രേമസ്വരൂപ!യിവർതൻഹൃദയകുട്മളത്തിൽ 56

ആരാവിരവണമപാദിവൃംഭിത,മന്യരാഗ-
വൈരാഗ്യകാരി.മനുജർക്കഖിലർക്കുമിന്നും
വീരാഗ്ര്യ! ഭാസുരതവർദ്ധന,മേവമാന്നി-
ന്നാരാഗലിപ്തമധുരാമൃതമേകിയല്ലോ. 57

കാന്താരസീമ്നിപകലൊക്കെനടന്നിട്ടതിൻ-
കാന്താംഗദർശനമഹാഫലമീയാളുമൂലം
കാന്താജനത്തിന്നനിമേഷമൊരൊന്നമേററം
സന്താപസങ്കലിതമാംയുഗമെന്നുതോന്നി. 58

പിന്നീടുസന്ധ്യയൊടടുത്തു ഭവാൻതിരിച്ചു-
വന്നീടവേകുടിലകുന്തളസുന്ദരാസ്യം
നിന്നീക്ഷണംചെയ്യുമിവർതൻമിഴികൾക്കപക്ഷ്മ-
മന്നീവിധം രചനചെയ്യുവനെത്രമൂഢൻ 59

പുത്രൻ, പിതാവു, പതി, സോദരരാദിബന്ധു-
മിത്രങ്ങൾ, വംശമിവയെസ്സകലം ത്യജിച്ചു
ചിത്രപ്രഭാവചരിതാമൃത! ദേവ! നിന്നെ-
മാത്രം നിനച്ചിവർ ഭവത്സവിധത്തിലെത്തി 60

ഒട്ടാകെയുള്ള ഗതിയേയുമറിഞ്ഞിട്ടും നിൻ
പാട്ടാൽ മയങ്ങിയതിമോഹിതരായ്, സമസ്തം
വിട്ടാളുകാട്ടിലണയുന്നിവരെക്കൃപാംശം
കാട്ടാതെയാർ നിശി വെടിഞ്ഞിടുമിപ്രകാരം 61

കാമസ്ഫുരത്പ്രഹസിതാസ്യ, മനോഹരാസ്യ
മാമഞ്ജുനർമ്മനിയമം പ്രണയാവലോകം
ശ്രീമന്ദിരം ബൃഹദുരസ്സിവകണ്ടുകണ്ടു
കാമം തഴച്ചു ബഹുമോഹിതരായിതെങ്ങൾ. 62

പാപവ്രജം വ്രജവനസ്ഥരിൽനിന്നകററി-
ത്താപംകളഞ്ഞുമുദസഞ്ചയമാനയിപ്പാൻ
ആപന്നബാന്ധവ! സഖേ! ഭഗവൻ! ത്വദീയ-
രൂപം പ്രഭാവമിയലുന്നതുതന്നെയല്ലോ 63

സ്വാന്തം ജനങ്ങളുടെ ഹൃദ്രുജയെക്കെടുപ്പാൻ
ചന്തം കലർന്നപരമൌഷധമേതുതാനോ-
ന്നന്തസ്ഥസ്പൃഹ ഭവാനിലുറച്ചു ഞങ്ങൾ-
ക്കൊന്നല്പമാകിലുമതേകുക ദീനബന്ധോ! 64

ഹാ! കക്കശസ്തനതടങ്ങളിൽ ഞങ്ങൾമുററും
ആകല്പകാന്തികലശം തവപാദപത്മം
ശോകത്തെയററുമതിയെന്നു ഭയന്നനന്തം
ശ്രീകണ്ഠനേത്ര! ബഹുശങ്കിതരായ് ധരിപ്പൂ. 65

ക്രൂററുള്ള കണ്ടകശിലാളികൾകൊണ്ടു കാട്ടിൽ
പെററും ചരിക്കെ മൃദുനിൻപദമേറെനൊവ്വും
മററുള്ളിലീവിധമയി പ്രിയ! ജീവനങ്ങൾ
ചെററുള്ള ഞങ്ങടെ മനം ഭ്രമമാർന്നിടുന്നു 66

ജീവൻമവാനിലനിശം ഹൃദമായുറച്ചും-
ത്തീവല്ലവാംഗനകൾതൻഹൃദയങ്ങൾ നാഥ!
ഏവംവിചാരമതിയായ് വളരുന്നമൂലം
ഹാ! വന്നയന്നഴൽ പെരുത്തുഴലുന്നപാരം 67

വല്ലാതെയുള്ള വിരഹാഗ്നിയിൽ വീണുണങ്ങ-
പ്പുല്ലായ് ശരീരമഹ കത്തിയെരിഞ്ഞിടുന്നു
ന്നില്ലാതെ ജീവനമഹോ പിടയുന്നിതേവം
കൊല്ലായ്ക വല്ലവികൾ പ്രണയൈകസീമാരെ 68

അത്യന്തമാംവെയിലിലെരിഞ്ഞൊരഹസ്സുനീക്കി-
ച്ചെത്തുംപരത്തിയുമയംശശിയെന്നപോലെ
സത്യസ്വരൂപ! വിരഹാർത്തിയകററിവേഗം
പ്രത്യക്ഷനാകുകിവർതൻപുരതോമുരാരേ! 69

നിൎദ്ദയിവൎഗ്ഗശിരോമണിയിലഗ്രിമമേ!
നിൎദ്ദയിവൎഗ്ഗശേഖരമകുടാമൃതാംശുവേ!
നിൎദ്ദയിവൎഗ്ഗശരണ്യസകലലോകഭാരതാ!
വസ്തുതമിങ്ങയിതോചിതദാഹംസഹിപ്പാൻ" 70

നാനാപ്രലാപകമാട്ടിഗോപികമാരിവണ്ണം
ഗാനാമൃതംപരമതിൽവിരഹസ്വനത്തിൽ
ആനായർകോനുടെനിരീക്ഷണമാശയാൎത്ത
ഉന്മാദമോടെമാടേറവിലപിച്ചുവാണാർ 71

പാരിൽപുണ്യപ്പിറപ്പാമഹിളകളിൽമഹാ
രാജ്ഞിയാകുംയശോദാ-
നാരികളൊത്തുഭാഗ്യാംബുധിയിലുദിതനാം
സച്ചിദാനന്ദപുത്രൻ
നേരിൽപോന്നിങ്ങു കാണാഞ്ഞുണ്ണികൃഷ്ണനെയു-
ന്നാശമൂൎച്ഛിച്ചുവൻകാൽ-
താരിൽപ്രാണങ്ങളൊടൊത്തഖിലമവർസമ-
ൎപ്പിച്ചുവാണാരവണ്ണം. 72

മൂന്നാം സൎഗ്ഗം കഴിഞ്ഞു.

നാലാം സൎഗ്ഗം.

ഈവണ്ണംവ്രജകുലസുന്ദരീജനത്തിൻ
വൈവശ്യംപെരുകിയമാനസങ്ങളെല്ലാം
കൈവന്നോരതികൊതിയോടുചെന്നലിഞ്ഞു
കൈവല്യപ്രദനുടെവീക്ഷണോത്സവത്തിൽ.

ഏകാഗ്ര്യംമതിയിലുമറ്റുവേറിടാതാ-
ശ്രീകാന്തൻഹരിയിലവൎക്കുറപ്പുമൂലം
ആകാതായവനവരെപ്പിരിഞ്ഞിരിപ്പാൻ
ഏകാന്തപ്രണയരഹസ്യമേവമല്ലോ. 2

പ്രത്യഗ്രസ്മിതമുഖനായി,പീതവാസ-
സ്സത്തുംഗപ്രഭയൊടുടുത്തുമാലചാൎത്തി
സ്തുത്യൻ പൂശരസമനായവൎമ്മുമ്പിൽ
പ്രത്യക്ഷംതദനുകലൎന്നുതാമുകുന്ദൻ 3

ലോകത്തിൻസുഖകരചന്ദ്രനായു,മാൎത്ത-
ലോകത്തിൻഹിതകരനായമിത്രനായും
ശോകത്തിൻകലഹനായശത്രുവായും
ഹാ! കണ്ടാരഴകാൎന്നകൃഷ്ണനെത്താൻ

അന്നേരത്തവരുടെഹൃത്സമുദ്രത്തോരായ
വന്നോരു വിവിധവികാരവീചിയെണ്ണാൻ
ഇന്നേവൻതുനിയുമഹന്ത, ഉഞ്ഞ, നന്തൻ
തന്നേയുംവേലയുമിതിന്റെവർണ്ണനത്തിൽ 5

നീലാഭ്രപ്രഭയെഴുമച്യുതന്റെരൂപം
ലോലാക്ഷീമണികളഹോ തെളിഞ്ഞുകാണ്കെ
മാലാകുംവെഹനന്ദനൻ സ്വഹർഷവർഷ-
ത്താലാകെക്കുളിർ നശിച്ചുതൽക്ഷണത്തിൽ 6

രാകാശാരദശശിപോലെ സൗകുമാര്യ-
ശ്രീകാളും രമണനിലിപ്പുയർന്നനേരം
ശോകാന്ധ്യം വ്രജകുലസുന്ദരീമനസ്സാ-
മാകാശംതടവിവെടിഞ്ഞുപാഞ്ഞിതെങ്ങോ? 7

ആരാമാജനനയനങ്ങളച്യുതൻ ത-
ന്നാരോമൽത്തനുവതുകണ്ടു പാഞ്ഞണഞ്ഞാർ
ഹാരാഗംപെലതുമൃതിത്തുതേൻ കൊതിച്ചു-
ങ്ങോരോല്പലമണയുന്ന വണ്ടിനംപോൽ. 8

“കണ്ടാലും കുതുകമൊടിങ്ങണഞ്ഞുനില്പും
തണ്ടാർമാനിനിവരനെസ്സഖീ”തി തമ്മിൽ
കൊണ്ടാടീട്ടവർ സമുദംപറഞ്ഞ വാക്യം-
കൊണ്ടാകെഗ്ഗഗനതലം നിറഞ്ഞിതപ്പോൾ. 9

മല്ലാക്ഷൻ തിരുവടിമുന്നിൽവന്നപൊട്ടെ-
ന്നുല്ലാസത്തോടു നിജദർശനം കൊടുക്കെ
വല്ലാതുൾഭ്രമമൊടുടൻ പിടഞ്ഞെണീററാ-
രെല്ലാരും, ജഡതനു ജീവനാർന്നപോലെ 10

മോടിക്കുള്ളവധിയതിക്രമിച്ച മോഹം
തേടിക്കുന്നഴകൊഴുകും മുരാരിതന്നെ
ഓടിച്ചെന്നവരനുരാഗചാപലം കൂ-
ത്താടിക്കും വികൃതിയൊടൊത്തുപുൽകിനിന്നാർ 11

ഓരോരോതരുണികളിഷ്ടംപോലെ ചെയ്തു-
ള്ളോരോരോ വികൃതികൾ തൻ വിശേഷമെല്ലാം
നേരോർത്താൽ പറവതിനസാദ്ധ്യമത്ര-
ക്കാരോമൻമുരഹരസംഗമവിചിത്രം! 12

മാരൻതൻ സുമശരപഞ്ചകം കണക്ക-
ള്ളാരമ്യാംഗുലിവിലസുന്ന പാണികൊണ്ടു
നേരററുള്ളഴകൊഴുകും മുരാരിതൻ കൈ-
ത്താമരപ്പോതൊരുവളുടൻ പിടിച്ചമർത്താൾ. 13

ചാലേനൽകളഭമണിഞ്ഞ സൌരഭത്തിൻ
ചേലേറും മുരമഥനൻെറ മാറിടത്തിൽ
പ്രാലേയാചലസമസുസ്തനങ്ങളേത്തും
മാലേയാതൊരുവളമർത്തു പൂണ്ടുനിന്നാൾ. 14

ഗോപസ്ത്രീയിതര നിജം ഭുജം വളച്ചു
ഗോപൻതന്നുടലുവരിഞ്ഞു കെട്ടിനിന്നാൾ
ആപത്തേറെയുമുള്ളവാക്കയാലെ നീറും
കോപത്താലവനതളന്നു ശിക്ഷപോലെ. 15

ലോലംബാളകനിര ചഞ്ചലിപ്പോരോരാൾ
ഫാലത്താൽകമലനിഭാസ്യയാമൊരുത്തി
ചേലഞ്ചുംബല സഹജാതചച്ചിതം തം-
ബൂലം കൈത്തളിരുകൾകൊണ്ടുവാങ്ങിനിന്നാൾ 16

പിന്നിൽചഞ്ചലമിഴിയേകയൊന്നുമന്ദം
നിന്നിട്ടങ്ങമലമുഖംഭുജങ്ങളാലെ
കണ്ണിക്ഷം കളുകരൊടങ്ങു ഹാമലത്തി-
തന്നിഷ്ടംപടിയതിൽമുത്തിമുത്തിനിന്നാൾ 17

മരന്ദസ്സാരം തരുവിന്നുലകന്ദമാംഗോ-
വിന്ദൻതൻസുരഭിലഗന്ധലിപ്തഹസ്തം
മന്ദം സുസ്പൃഹയൊടുചെന്നുടൻപിടിച്ചാ-
സൗന്ദര്യാകരയൊരുനാരിതോളിൽവെച്ചാൾ 18

ആതങ്കജ്വലനനിൽവീണെരിഞ്ഞുകത്തും
മാതംകാത്തുതനടയാളൊരുത്തമാംഗി
ശ്രീതങ്കംപൊരുതടെപാദപങ്കജത്തിൻ
പൂതത്വംകുചകലശങ്ങളിൽധരിച്ചാൾ 19

കണ്ണാങ്ങു സകലചരാചരത്തിനെല്ലാം
കണ്ണൻതൻതിരുവുടൽതൂൎണ്ണുകളിലാക്കി
കണ്ണാമ്പോടൊരുവളെടുത്തു,യോഗിവൎണ്ണൻ–
വണ്ണംനിൎവൃതിയൊടുമേറെഹൎഷമാൎന്നു 20

ഏറീടുംപ്രണയമഹാൎത്തിഭാരം
പേറീടുന്നൊരുവൾവളച്ചുചില്ലിരണ്ടും
ഊറീടുംഹൃദയസുധാസ്വരൂപനെച്ചു–
ന്നാറീടാതനിശമടിച്ചുകൺകളാലെ 21

ഏകസ്ത്രീയുടെമിഴിവണ്ടുരണ്ടുമൊപ്പം
ശ്രീകൃഷ്ണന്നവവദനാംബുജത്തിലെത്തി
ആകണ്ഠംമധുമതിയെന്നിയാസ്വദിച്ചാർ
ശോകംവിട്ടുമലൎത്തഴിയുതിപ്പംപോൽ 22

ആനന്ദാത്മജനുടെദൎശനാലുയൎന്നാ
നാനന്ദാംബുധിയതിൽമുങ്ങിയുംനിവന്നും
മാനഞ്ചുംമിഴികൾവിലാസകേളിയാടീ
മാനംപോററതിന്നകറ്റിപ്പതാക്കിസൌഖ്യം 23

സ്വാന്തത്തിൽപ്പെരുകിയമോഹമൊക്കെയററ–
ത്യന്തംഹാവിലാസിനികാന്തമാരൊടൊത്തു
ചന്തംചിന്തിടുമഖിലേശൻവിളങ്ങീ
സ്വാന്തംശക്തികളൊടുപൂരുഷൻകണക്കെ 24

മെയ്യുംമിഴികളുമശേഷമംഗസൂത്രീ
മെയ്യുംപ്രിയനെയടുത്തുകാണുംപോലെ
പൊയ്യുള്ളുംപറയുകയല്ല;വാങ്മയമെല്ലാം
കയ്യേറിക്കണ്ടതിനിതാമയംതെളിഞ്ഞാർ. 25

കൊങ്കക്കുന്നുകളിലണിഞ്ഞ കുങ്കുമത്തിൻ
പങ്കംപററിയനിജകഞ്ചുകങ്ങളെല്ലാം
മങ്കത്തയ്യുകളുഴറകാടഴിച്ചുടൻ പൂ-
മങ്കക്കള്ളികളെയൊന്നായ് പകർച്ചാർ. 26

സക്തൻ ലോചനിശമ്യമാത്സംപാസദ്രവായ്
ഭക്തൻതൻ കരളിനെയാശ്രയിച്ച ദേവൻ
വ്യക്തം ശോകലവനിതാ പ്രണയനായ-
വ്യക്തൻതാനെവിടെയിരുന്ന ഹന്ത! ചിത്രം! 27

കണ്ടാലെത്രയുമഴകുററിട്ടംപൊടികള-
ന്നുണ്ടാകീടിന വസനാസനത്തിൽ മഞ്ചേ
തണ്ടാരിൻമകളും കണവൻ ലസിച്ചപുണ്യം
കൊണ്ടാട്ടംകമനികളോടു ചേർന്നമഗ്ന്യം. 28

പാരാകെക്കശ്രുതെളിഞ്ഞണച്ചപോല-
ന്നോരാകേക്കരവനിതട സല്പദങ്ങളെയും
സ്ഫാരാഭം വിലസിന ഗൃഹങ്ങളെയും
പാരാതപ്പുലരപകലാംഗനാജനങ്ങൾ. 29

അകതാരിൽ പ്രണയമൊരാളു കേററിവെച്ചാ-
ലകത്തിൻകണികയുമുള്ളിലേശിടാതെ
തങ്കൂഞ്ഞാലതിദൂരവായ് തെ പാടിനാർ നി-
ശ്ശങ്കം, മാമരവിമുകരങ്ങ് നററിടുംപോൽ. 30

മാരോദ്ദീപനകരനാംമുരാരിയെത്താ-
നാരോമൽത്തരുണികൾപുകർത്തിയർച്ചചെയ്തും
ഹാ! രോഷംചെറുതകതാരിലാർന്നിമ-
ട്ടോരോരോപരുഷമുരക്കവാൻതുടന്നാർ 31

“കാരുണ്യക്കലവറയാം മുകുന്ദ നീയി-
പ്പീരുക്കൾക്കിടയൊരു സംശയങ്ങളെല്ലാം.
തീരും മാററവിലമുരക്ക, സത്യമങ്ങ-
ന്നോരുന്നോ, തരുൾകരിവിൻവിളക്കിചക്കായ്” 32

പ്രേമംമെററവനിലെകനാണ്ടവന്നാ-
ലാമത്തൂന്നിവനില്ല മെലുമല്പ്രകാരം
ഇരമട്ടിൽപ്രണയപരസ്പരതപമുള്ളോ-
രീമന്നിൽപലജനമുണ്ടു പാറ്റുകണ്ടാൽ 33

വേറേയും ചിലജനമുണ്ടുജീവിതത്തെ
തീരെകിപ്പരജനനന്മയൊന്നിനായ്ത്താൻ
കൂററീടുവർ നിജരുലോകരേയും
വേറെയെന്നുകരുതാതെ സേവചെയ്വൂ 34

ഭുവിൽക്കേളിനിചിലരുണ്ടുതങ്ങളേഹാ!
സേവിക്കുന്നവരെയുമങ്ങയെന്നപോലെ
സേവിക്കാത്തവ, രിവരവരുത്തമന്മാർ
ഹേ! വിശ്വാത്മക! പരമാത്മരമാതിയംല്ലും" 35

ഗോവിന്ദൻഗിരമിതുകേട്ടുമന്ദഹാസം
തൂവിക്കൊണ്ടമൃതസമാനവാക്യമേവം
ആവിർമ്മോദമൊടരുളീ, വരാംഗിമാർക്കും
പൂവിന്നുള്ളതസുഖമേററിടും പ്രകാരം 36

"പാരുഷ്യംകളയുക നിങ്ങളേവരും വ-
ല്ലാത്താപം തടവിന മംഗളാംഗിമാരേ!
ആരും നിങ്ങളൊടു സമാനരാകിൽ മുന്നെൻ-
കാരുണ്യത്തിന വിളഭൂമിയായതില്ല. 37

കേട്ടാലും പരമാത്മ,മുള്ളിൽനിന്നും
വിട്ടാലും പെരുകിയദുഃഖമാകമാനം
പിട്ടാണെന്നിതുകരുതി കരഞ്ഞിടാല്ലി-
ന്നൊട്ടാകെ ഭവതികൾതൻഹിതപ്രദൻ ഞാൻ. 38

പാരിങ്കൽപ്രണയപരസ്വതാമുള്ളോ-
രോരിൽ സ്വാർത്ഥിക ളിതു നിർവ്വിശങ്കമത്രെ.
ചേരില്ലായവരൊടു സഖ്യമൂല,മാത്ത-
ന്മാരിൽചെമററാരുള്ളൊന്നവും നതാംഗിമാരേ! 39

സേവിക്കാത്തവരെയുമനുജാക്ഷിമാരേ!
സേവിക്കേണ്ടുന്നവരെന്നു ലോകരെല്ലാം
ആവിധമവരിൽ മാത്രമായും സ്വതന്ത്രം
ഭാവിക്കല്ലടിമപ്പുരുഷരാകിൽ. 40

കാമം പൂകിന ജനമാകുന്നല്ലോ ഭാര്യാ-
രാമന്മാർ, കളത്രമിത്രഘാതകന്മാർ
ഇതുമട്ടുള്ളവർനിജപൂജയെല്ലാറ്റിലും സ-
പ്രേമം ചെന്നവരെ ഭജിക്കകില്ലെന്നും 41

പാരാതിങ്ങു ഭുവനമതിങ്കലല്പകാമ-
ന്മാരായുള്ളവരൊടെഴും സ്വാതന്ത്ര്യബന്ധം
നേരായോർക്കിലയി! നിഷ്ഫലം, രതിക്കൊ-
ത്താരൊട്ടും പടിയഴകുള്ള നാരിമാരേ! 42

തന്നിൽത്താൻ സ്വയമിഹ തുഷ്ടിതേടുവോരാ-
യൊന്നിലും കലരലിയുന്ന വേഴ്ചയോർത്താൽ
കന്നിക്കുന്നമനിശം മുമുക്ഷുലോകം
തന്നിൽച്ചേർത്തിടുമതിനില്ല സംശയാംശകം 43

പിന്നെല്ലാമവരൊടെഴുന്ന ചേർച്ചയേറ്റം
തന്നാനുള്ളതിനിനയാളു, തന്നിമിത്തം
എന്നെന്നും വലുതമനർത്ഥമായതീയിൽ
ചെന്നെത്തില്ലുലകിൽ സമ്മോഹിക്കമോതം 44

ശൊ, നിത്യോന്നതിയെതിനത്തിലും സ്പോടമതൊടെൻ
താനിങ്ങനെയറിയുക സുന്ദരാംഗിമാരേ!
ആനിത്യപ്രണയമിവകളൂറിയെന്നോ
ധ്യാനിക്കുന്നവനിവനുകരാസനല്ലോ. 45

മാനവനൊഴിവനിഷ്കി, ശുദ്ധിയാത്ത
ജ്ഞാനം തൊട്ടുവയലില്ലെ കൊടുത്തശേഷം
ജ്ഞാനമ്പൊടൊട്ടുവുമദീയഭക്തലോക-
ക്കാനന്ദംവഴിവൊരു മുക്തിയും കൊടുക്കും, 46

എന്നാലെൻപ്രണയിജനത്തിനുള്ളിലേതും
വന്നാലെഴുമെതിരിഗതികൊൽ ചിലപ്പോൾ
നന്നായിട്ടവരെ ഭജിപ്പതില്ലയെന്നായ്
തോന്നാമെങ്കിലുമതു നന്ദയെന്നറപ്പിൻ 47

ചൊല്ലാം ജ്ഞാനത്തിനുടെവേളു, ഭക്തലോക-
ക്കില്ലാപ്പൈതകിന ചിന്തയാകമാനം
എല്ലാനേരവുമിവനിൽ പതിഞ്ഞിടാഞ്ഞാ-
ലില്ലാമെ സുഖമണുവും സുഭ്രൂമാരേ! 48

ദാരിദ്ര്യം പെരുകിയവന്നു ഭക്തനാകും
ഭൂരിദ്രവ്യവുമിഹനഷ്ടമായിടുമ്പോൾ
പൂരിച്ചീടുമവിണവിചിന്തനാത്തിലാരാ-
ലോരില്ലായവ നിതരങ്ങളൊന്നുപോലും 49

ദ്ദത്തിൽ സുഖമെനിക്കു വന്നി വിട്ടെൻ-
പാരത്തോറ്റങ്ങളിന്നിങ്ങൾ കാഴ്ചകിടൊല്ലേ
സൈപരം നിങ്ങളിലന്യുതിരൗഹൃദോദയം
ചരണേ,നിന്നരികിനായ് മറന്നതൊപ്പിൻ. 50

സല്ലാപസൗരഭ്യവിലാസമേവമോരോ-
ന്നെല്ലാം ഞാനൊളിവിൽവസിച്ചുകേട്ടുകണ്ടു;
വല്ലാതീവിപിനജമാം മനോവിപാകത്ത-
ല്ലെല്ലാവുമെന്നാലിവെട്ടനിങ്ങളെത്തുണച്ചേൻ 51

ആനന്ദത്തിനുപകരമെന്തുതാൻ പ്ര-
ദാനം ചെയ്യുവതിവനെന്തു കൃതഘ്നൻ
ന്യൂനം വൻ പാതിയതിവണ്ണമുള്ള പിതാ-
ഭ്യാദാനത്താൽ ഭവതികൾ കണ്ണീർ നിന്നിടൊല്ലേ 52

എന്നോളം നേർജനവത്സലതയുള്ളോ-
നിന്നോളം ഭവനത്തിൽ ജനിച്ചതില്ല;
എന്നോമൽത്തങ്കനികളേ! മദീയമകത-
ളിക്കന്നോത്താലുള്ളുമെന്നതു കണ്ടിടേണം 53

ദൈവത്തിൻ പ്രതിനിധിയായ് പ്രപഞ്ചരക്ഷാ-
ഭാവം പൂണ്ടവരിലിവൻ മഹാഗ്രഗണ്യൻ
ദൈവത്താണിവനൊരു ദൈവമില്ല, ഞാൻ താൻ
ദൈവം, മൽപ്രകൃതിയെയാരറിഞ്ഞു പാരിൽ 54

സ്നേഹത്തിൻപൊരുളറിവുംസംഗ്രഹിച്ചി-
ദ്ദേഹത്തോടിഹയവരൊക്കമാന്തതൊത്താൽ
സ്നേഹത്താലിവനെവശീകരിച്ചുവക്കാം-
ദാഹത്തിന്നിഷ്ടതമമൊക്കെയകവാൻതാൻ. 55

ചോദിച്ചുപലതരിനന്തരമെപ്പോഴെത്തും
വാദിച്ചുംബഹുവിധമെന്നിതിപ്രകാരം
ഭേദിച്ചുസംശയമഹോകളഞ്ഞിടുന്നു;
മോദിപ്പിൻപൊരുളഖിലംഗ്രഹിച്ചുകൊൾവിൻ 56

സന്താനം,പതി,കുലമെന്നവേണ്ടസർവ്വം
ചിന്തായെതന്നെയൊട്ടുവിട്ടിവണ്ണമേറി
കാന്താരംപ്രതിനിശതന്നിൽവന്നുനിങ്ങൾ-
ക്കെന്താണീയിവനൊടനാദരംചെയ്തിടേണ്ടു? 57

ദേവന്മാർക്കുമതിദീർഘമായൊരായു-
സ്സേവമെവിടെവൊട്ടലഭ്യമാകിയാലും
ഏവംനിങ്ങടെയുപകാരകൃത്യമോത്താൽ
ഹാ! വല്ലിങ്ങതിനണുവും തിരിച്ചുചെയ്യാൻ 58

എന്നാലുംഭവതികൾതൻഹിതംഗ്രഹിച്ചു -
ന്നൊന്നാലായിടുവതുചെയ്യുവാൻതുടങ്ങാം
വന്നാലുംവിരവൊടുവീതശങ്കമെന്നൊ-
ടിന്നാവുംപടിസസുഖംരമിച്ചുകൊൾവിൻ 59

താംഗംപിരുപന്റെ ഭൈമഷമാതിമാരെ!
ഭാഗ്യവതികളിൻ മൌലിക്കൊരുമാന്നും
ഉത്ഭവന്തടവിനുള്ളിലാകിലിതൻ സം-
സംഗമിങ്ങനെ കരൾ പുണ്യവാർദ്ധിയാക്കി. 60

വേണമായതപരിദേവവും പൊഴിഞ്ഞ താപാ-
ലുണ്ടാകും വിക്രതികളും വെടിഞ്ഞിടാനീം
പണ്ടാളും പ്രണയമൊന്നപ്രകാരമെന്നാ-
ട്ടണ്ടായ" സംഗമമതുപോൽത്തുടർന്നുകൊണ്ടുവിൻ 61

ക്രീഡിംഗാറുള്ളതാംകളവതിന്നമവ-
ങ്കൽസ്സ്വാച്ചിത്തമറി-
ക്രീഡിടാനം മറന്നെതന്നഴലതിലിയലാ-
ണ്ണാരു, മിന്നില്ലപോലെ
ആടീടാം ക്രീഡനന്മാർക്കിവിടെ ബഹുവിധം"
കൃഷ്ണ വാക്യങ്ങളേവം
ചേടിവർഗ്ഗം ശ്രവിച്ചിട്ടവർ മുഴുകിതമാ
നിർമ്മലേശർമ്മസിന്ധൌ. 62

നാലാംസർഗ്ഗം കഴിഞ്ഞു

അഞ്ചാം സർഗ്ഗം.

ഹരിയുടെഗിരമാകും നൽ സുധാപാനമൂലം
ഹരിണമിഴികളെല്ലാമുള്ളതാനന്ദസിന്ധൗ
പരിചിനൊടു പതിച്ചാർ, വിപ്രയോഗാതപത്തി-
ന്നൊരിയലലവുമില്ലാതാനങ്ങു നീന്തിക്കളിച്ചാർ. 1

അതിമധുരവചസ്സാലച്യുതൻ സല്പുമാരാം
മതിവദനകളെത്തന്മായയിൽത്താൻ മയക്കി
മതിയിലവർവഹിച്ചോരാടലാമന്ധകാരം
മതിയുടെകതിർനേരാംസുസ്മിതത്താലൊഴിച്ചാൻ 2

അനഘനുടെ സമീപംവാണനേരം തൻ വാണിമാർതൻ
മനമിളകിമറിഞ്ഞു മാനലോഭാദിമൂലം
അനഘതരചിയുതിക്കും ചൊവ്വൊടന്നുദയം ക-
ണ്ടനവരതമിരമ്പിത്തുള്ളുമംഭോധിപോലെ. 3

അവരുടെയഭിലാഷം പാർത്തറിഞ്ഞബ്ധികന്യാ-
ധവനമിതമനോജ്ഞൻ രാസലീലോത്സവത്തെ
നവകുതുകമുയർത്തിക്കൊണ്ടുകൊണ്ടാടുവാനാ-
യവനപെട്ടുടൻനാനാവധൂവർഗ്ഗമൊട്ടും. 4

ഇളയെമുഴുവനെന്നല്ലിത്രിലോകങ്ങളെയും
പുളകമൊടലിയിക്കും മട്ടുഗോവിന്ദനപ്പോൾ
കളമുരളിയിൽ നാദം തൂവിനാനായതോർത്താ-
ക്കിളിമൊഴികളുമോരോരാഗങ്ങളാലപിച്ചാർ. 5

പിടമൃഗമിഴിമാർതൻ മദ്ധ്യഗൻ മാധവൻ ത-
ന്നടപുഴകിൽ വിളങ്ങിച്ചുറെത്തുമ്പോളെളാന്നു
ഉട,നൊരുവില സത്തീപത്തിൽനിന്നും കൊള്ളുന്തി
സ്ഫുടമരതകപാത്രത്തിന്നു ദീപാളിപോലെ. 6

സ്ഫുരമലശശായൻ യാമുനോല്ലോലവീചീ-
നിരകളിലതുവെണ്മ ബിംബനം ചെയ്തിടുംപോൽ
പരനമവിടെ ഗോപീകദംബത്തിൽ തിളങ്ങി,
നിരവധിയപരാകാരങ്ങളാർന്നാത്തഹർഷം 7

ഇതിബഹുവിധരൂപപ്രാപ്തനായ്ക്കൊണ്ടാ-
മതിമുഖികളിൽനിന്നും മാധവൻ ഹാ! മറച്ചു.
ശ്രുതികളുമറിയാതുള്ളൊരാ മാഹാത്മ്യമെല്ലാം
പ്രതനവമുരളിക്രീഡാത്രയന്നതിങ്ങസാദ്ധ്യം. 8

ഒരുതരുണി,യടുക്കൽ കേശവൻപോലൊരാംഗൻ,
തരുണിയുട,നടൻതാൻ കൃഷ്ണനേവംകലർന്ന
ഉരുതര സമവർവൃത്താകാരമായ് ചേർന്നുനിന്നാർ
വിരുതൊടുകരതാർകോർത്തങ്ങു ലീലക്കൊരുങ്ങി 9

ചടുലമിഴികളാകും ചാരുഗോപീജനത്തിൻ-
നടുവിൽനടുവിലായ് താൻ മാധവനാർന്നിരിക്കെ
പടുതയൊടുകലർത്തിത്തീർത്തവൈഡൂര്യരത്ന
ത്തൊടുവിലസിന നീലക്കല്ലുമാല്യംകണക്കായ്. 10

പലസുമധുരഗീതം പാടിമെയ്യെഴുന്നവും
നിലയിലവർതുടർന്നാരാടിയാടിക്കളിപ്പാൻ
നലമൊടു ചുറ്റുതാളത്തോടു പൂവല്ലിയേററം
വലയുമൊരങ്കണിപ്പൂമെയ്യുലച്ചുംവളച്ചും. 11

ഉരസിയധികമായിട്ടീടിനകൊങ്കഭാരംകൊ-
ന്നുരസിയുമതിമാത്രം തുള്ളിയും ക്ലിന്നതേറി
പരമകൃശതരംഹോ! മദ്ധ്യമം പൊട്ടുമൊയെ-
ന്നരമഴൽവളരുംവാർ, ഗോപിമാരാടിനിന്നാർ. 12

കളികളിലവശത്വം പൂണ്ടകാന്താജനത്തി-
ന്നൊളിമലർമുഖമെന്നിൽവേർപ്പുനീർത്തുള്ളിയേററം
തെളിവിനൊടുവിടാതെ മന്ദമായ്നിറ്റുള്ളിപാററം
ലളിതമപിരമാതം നൽപനീർപ്പൂക്കളാംപോലെ. 1

കളഗതികളെത്തുടർന്നാരാമ്യമാർ പൊട്ടുവെക്കെ-
ത്തളകളുടെനിനാദം കങ്കണാരംഭമൊന്നും
കളതരമിഴുഗീതത്തിന്നു താളത്തിലായക്കെ-
വളകളുടെകിലുക്കംകൊണ്ടു മേററം മുഴങ്ങി 14

പലപലകളിയേവം ചെയ്തയാൽ ക്ഷീണമാറീ-
ട്ടലസമിഴികളെല്ലാമച്യുതൻ തൻ ഗളത്തിൽ
നലമൊടുകരവല്ലീയുഗ്മകം ചേർത്തുചാററീ-
ട്ടലമനുപമരാഗം പൂണ്ടഹോ! പൂണ്ടുനിന്നാർ 15

ഹരിണമിഴിജനത്തിന്നാനനം വേർത്തുകണ്ടാ-
പ്പരിയവനഴകിൽതൻ പാണിയാൽമന്ദമന്ദം
അരികെയൊട്ടു തുടച്ചാൻ, അംബുജത്തിങ്കൽനിന്നും
ഹരി ഹിമകണമാരാൽ തൻകരത്താൽകണക്കെ 16

ചിതമൊടു ചികുരത്തിൻ കെട്ടഴിഞ്ഞങ്ങുമിങ്ങും
ചിതറിയതൊരു നാഗമാലയൊരുകെട്ടൻ തുടങ്ങ
ബതകുളുകളൊടൊപ്പം വാരാങ്കണങ്ങളാകിൽ മന-
സ്സിതമൊടവളുടെ താമരത്താളിൽ കല്ലുവെച്ചാൻ 17

അതുമതുമതയി, നീ വിക്ഷതത്തിൽക്കൊള്ളു. കാണി
ക്കതിരുപടിമേളമൊരുതോഴിമാർ നാകിനിലെല്ലാം
തരളതകളിൽനിന്നു ഞെട്ടൊവാക്കളിയാടാ-
നൊരുമലർക്കണികങ്ങളും കണ്ടുഞാൻ വെളുപ്പിച്ചു. 18

വരികവരികനന്ദം കുളിമുറിപോല ഞാലിപ്പ
പരിപുകളൊന്നടുത്ത് ഒരു മന്ദഹാസമായി
നടരിതമയിലുന്നാങ്ങളുകളെത്താങ്ങിയും സു-
ചുരിതനൊടെകരത്തെത്തുപ്രസന്നംഗ്രഹിച്ചാൻ. 19

ശ്രുതിമധുരമൊഴികളും കുഞ്ജഗാനാമൃതത്തിൽ
സതിയൊരുവർകളിച്ചിട്ടേറ്റുപാടാൻ തുടങ്ങ
അതിരസമലർത്തസുന്ദരികളെല്ലാരുമാ-
ന്ദതിമുഖമതിൽ മുത്തിട്ടുമാവാതെയാക്കി. 20

അവളുടെമുഖത്തിൽ കാന്തിപൂരത്തിൽമുങ്ങി-
ശമനികൾ കളിയാടീതാളമേളങ്ങളോടെ
സുമശരനിട പാടിത്തുന്ന പട്ടാംബരമാക്കും-
ഭ്രമമൊടാ വതാളം പൊറ്റിട്ടുമെട്ടിലാക്കി. 21

അഴകെഴുമലർന്തൻ കാന്തിയാം മാറിലേക്കാർ-
കുഴലികൾമിഴിയാം മീനങ്ങൾ നീന്തികളിക്കെ
ഉഴറിനൊരവയെല്ലാം വീണപോയ് കാമദാശൻ
പിഴചെറുതിയലാതിങ്ങിട്ടജാലത്തിനുള്ളിൽ. 22

മനസിജശരമേററേററവ്വം ഹാ! വലഞ്ഞാ
വനജമുഖികളെല്ലാംമാധവൻമാറിൽ വീണാർ
ഘനസുഭഗശരീരൻഗോപികാളിക്കടൻതാൻ
ഘനരസമരുളീതൻ തേനൊലിത്താമരാസ്യം. 23

പുനരപിയവരോരാപ്പൂത്തനാരൻറെമാറിൽ
സ്തനതടമുരമിക്കൊണ്ടാടിനാർ പാടിനിന്നാർ
ഘനകുതുകമിയന്നും കങ്കണാള്യംകിലുങ്ങും
സ്വനമഴകിൽമുഴങ്ങും താളമേളങ്ങളോടും. 24

പരമപുരുഷനോടൊത്തീവിധംലീലയാടും
പരഭൃതമൊഴിമാർതൻപുണ്യമെപ്പുണ്യമോർത്താൽ
ചിരമനവധിജന്മംവൻതപസ്സാർന്നയോഗീ-
ശ്വരരുമിഹകൊതിക്കുംസംഗമംതാനിതല്ലോ. 25

ഭുവനപതിമുകുന്ദൻപൂർണ്ണ പുണ്യാംഗിമാരാം
യുവതികളൊടുമൊന്നിച്ചുള്ളരാസോത്സവത്തെ
അവനിയിലതുനാളുംകൊണ്ടാടുവാനുള്ളമിക്കം
വിവരമൊടമരാളിന്നാഥനാം ദ്യോവിലെത്തി. 26

അമരപതി,യശേഷാധീശപരൻതന്റെലീലാ
ക്രമമഴകൊടുകാണ്മാനങ്ങുവൃന്ദാടവിക്കായ്
ഗമനമതിനുറച്ചെന്നതാംവാർത്തകേട്ടി-
ട്ടമരരഖിലരുംചെന്നങ്ങുവന്ദിച്ചുനിന്നാർ 27

ളുടനടിയവിടത്തിൽച്ചേർന്നിതൊട്ടാരനാനാ
പടഹമഹഹ! മുഴങ്ങീദിഗ്ഗജം തിങ്ങിവിങ്ങീ
സ്ഫുടമൊരുതടവെന്യേ യുവർ തൻതന്തുരാന്ത-
ന്നടയപെരിയയാത്രക്കൊത്തൊരുങ്ങീസുരൗഘം 28

കളകളമൊടിരമ്പിക്കൊണ്ടണഞ്ഞൊത്തുപോരും
കളമൊഴിജനമോടും മററു ദേവാളിയോടും
കളകലമതിൻക്കൂടസംഘമൈരാവതത്തിൻ
ഗളതലമതിലേറീട്ടങ്ങർക്കോൻയാത്രയായാൻ. 29

ഭരിതകുതുകരായും തമ്മിലൊന്നൊത്തുകേളീ-
പരിധികളിൽവളർന്നീടുന്നൊരാമോദമോടും
ത്വരിതഗമനമാർന്നാവോളമുദ്ഘോഷംകലർന്നും
പെരിയവിവിധമാല്യന്തരമഹോ! യാത്രചെയ്താർ 30

അകലുഷനളിവർണ്ണൻക്രീഡചെയ്യുന്നകാടിൻ
മുകളിലവരണഞ്ഞാ,കെല്പ്പോടുദ്യുവത്തെയും,
സകലമുനികളെയും,തൻഗണംചേർന്നകന്നിൻ-
മകളുടെധവനേയുംമുന്നമേപോന്നുകണ്ടാർ 31

ഹഹഹ!സുമധുരഗീതംപാടിയുംഹസ്തതാള-
പ്രഹരണസമുദീർണ്ണംകങ്കണക്വാണമോടും
വിഹരണരസപൂർണ്ണംചോടുവെച്ചും,കളിക്കും
സ്വഹസിതമുഖമോടുംകാൽചിലമ്പൊലിയോടും 32

അരയിലുടനിഴിഞ്ഞുനിന്നീടുമാക്കാഞ്ചിയോടും
തരളമിഴികൾകൊണ്ടും കട്ടുനോട്ടങ്ങളോടും
സരളമളകജാലം, തേൻനുകർന്നങ്ങുപാറും
ഭ്രമരമലികൾപോലെ യാദവൻ ഹാരമെപ്പാരിഞ്ഞു. 33

സരസിജമുഖിമാരാമപ്പുരന്ധ്രീജനത്തിൻ
പരമസുകൃതവല്ലീജാതമാം സൽഫലത്തെ
ഹരമുഖരഭിവീക്ഷിച്ചോതിനാർ "ഹന്ത! ഗോപീ-
നികരസുകൃതപാകാവാപ്തമത്താഫലങ്ങൾ" 34

കരളിൽ വഴിയുമാനന്ദത്തൊടും ഭക്തിയോടും
മുരഹരതിരുനാമോൽഘോഷണത്തോടുമപ്പോൾ
സരസമഹ! തുടന്നാർ നർത്തനാദ്യങ്ങൾ വീണാ-
ധരമുനിമുഖർ മുറ്റും കമ്പമെന്ന്യംബരത്തിൽ 35

പെരുകുമുരയെഴുന്നീയുത്സവം കണ്ടുകണ്ണിൽ
പെരുമഴ പൊഴിയുന്നു- ലിവ,രാനന്ദമഗ്നർ
ഉത്തര സമൃതത്തിൽ പാരിജാതാദിസൂനം
തെരുതെരെ സുരർ മുക്കിക്കണ്ണനിൽ തൂവിടുന്നു 36

സരസസു[illegible]ന്മകൾ ക്ഷമാരായി, ദേവീ-
മുരജ[illegible]ന്നീവാദ്യമേളങ്ങൾ വാനിൽ
സ[illegible]പ്പോൾ സാമഗാനം തുടന്നാർ
നി[illegible]രൊത്തെവുമാനന്ദപൂർവ്വം 37

അവനാകുലനീശൻതന്നെപാഴ്ത്തുന്ന ഘോഷാ—
സവമമിതമുയർന്നുമല്ലോ വിലസിവിധത്തിൽ
അവശതയാസമസ്താസ്ത്രങ്ങളേററ ററഹൊ! വിൺ
യുവതികളുരചെയ്യാരാത്തിപൂണ്ടിപ്രകാരം 38

“കമലമുഖികളാമീവല്ലവീസഞ്ചയത്തിൻ
സുമധുരസുരഗീതം കാഞ്ചിലീനമ്മളെല്ലാം
അമരണമിവർതൻകാല്ക്കുപ്പിരായുന്നതാണെന്നും
ക്ഷമയി,ലിവർജ്ജ്വിക്കൽഭോഗ്യമെഭാഗ്യമാത്രാൽ 39

അമരതയിലുന്നമ്മൾക്കെന്തിനീദേവലക്ഷ്മീ-
സമരമണികളല്ലാപൂർണ്ണപുണ്യാങ്കങ്ങളും
സമകരം ബധിരവാദ്യമെന്നിൽവാണാലുമീനി-
സ്സമസുഖമൊരുമാത്രക്കെങ്കിലും കണ്ടിലാമോ? 40

പരമൊരു സമമാരാലീവിധം കളിയാടാൻ
ചിരസുകൃതിനിമാരാം ഗോപിമാർക്കന്നിയാർക്കും
തരമിതുവരെയുംകൈവന്നതില്ലമ്പ! പുണ്യം
കരകവിയുമൊരികാനനംഗിമാർവെൽവുതാക! 41

പ്രിയമൊടുനിജമകുതാററ് കൊണ്ടു മന്ദംമുകുന്ദൻ
പ്രിയകളുടെയ പൊൻതാംഗിസ്യജാസ്വേദമെല്ലാം
നിയതമവരിച്ചുമാരതെയുണക്കിട്ടുമേർ
മയമൊടുമവനൊപ്പിന്നു ഞാളിമാരേ! 42

ഈതക, നിജമുഖാംഭോജത്തിലാക്കേശവൻ തൻ
വിതതരുചിവിളങ്ങും ശ്രീമുഖം ചന്ദ്രവെള്ള
ബതപകുതി പവച്ചുള്ളോരു താംബൂലമേററം
ചിതമൊടു നിജവായ്കൊണ്ടങ്ങുടൻ വാങ്ങിനില്പൂ. 43

നടനവിവശയായിട്ടേക. വൈകുണ്ഠനെബ്ഭ്രു–
തടമതിലുപവേശിപ്പിച്ചുമന്ദം തദങ്ക
ഉടനെയഹ! ശയിക്കുന്നേരമംഭോരുഹാക്ഷൻ
ഇടകളെയതിമോദാൽ തൊട്ടുതാവുന്നകാമിൻ 44

പര. പരന്നടെപ്പൂമെയ് പുൽകിപ്പൂർണ്ണാനുരാഗം
ധരയിലിതരശയിപ്പൂ നല്ലപൂമെത്തയൊന്നിൽ
ചിരമധരസുധാപാനത്തൊടും, ഹന്ത! പാത്രാ–
ലുരപൊറമിവർനമ്മെക്കാളഹോ! ധന്യധന്യാ 45

കിളിമൊഴിയൊരുവൾക്കാലസ്യമേറുന്നകണ്ടാ–
ത്തളിർതനുനിജവക്ഷസ്സോടുചേർത്തംബുജാക്ഷൻ.
തെളിവൊടുകുളിർകാററാൽ ചേലവീശിക്കൊടുത്തും
നളിനമിഴിയെ, നോക്കൂ, വിശ്രമിപ്പിച്ചിടുന്നു. 46

പ്രമദകളുടെകൊങ്കക്കുന്നിലെക്കുങ്കുമച്ചാ–
ന്തമലനുടെയുരസ്സിൽ പററിയും കണ്ടിടുന്നു.
രമണികൾമണിമാരാം ഗോപിമാരോടുവായ്ക്കും
പ്രമദകലിതരാഗം ചേർന്നുപോകുന്നപോലെ". 47

സ്മരശരനിരയേററേററവും മാഴ്കിനില്ക്കും
സുരപുരവരനാരീവർഗ്ഗമേവം വദിക്കെ
സരസമഹ!ളുടന്നാൻ പിന്നെയും കേളിയോരോ-
തരമവികടമൂകന്മൻ സുന്ദരീവൃന്ദമോടും 48

മിളിതകളകമോടും, സ്രസ്തധമ്മില്ലമോടും,
ഗളിതവസനമോടും, വീണപുഷ്പങ്ങളോടും,
ലളിതചലനമോടും, താളമേളങ്ങളോടും,
കളികളിലിളകീടും പോർകുചദ്വന്ദ്വമോടും, 49

ഉതിരുമമലഹാസശ്രീമുഖാംഭോജമോടും,
പ്രതിനവമതിലുജ്ജ്വലസ്വേദബിന്ദുക്കളോടും,
മതിരുചിമണിമാറം മാധവന്നാത്തരംഗം-
പ്രതിയഴകൊഴുകുമാറീവധൂക്രീഡയാടിയുഗകം 50

അവരനവധിമന്നചെയ്തലീലാവിലാസാ-
ലവശതചെറുതാന്നിട്ടൊട്ടു ഭ്രാന്തിയെല്ലാൻ
അവനിയിലുപവേശിച്ചീടിനാ,രംബരത്തിൽ
ധവളമിളകിമിന്നും മിന്നലിൻ മാലപോലെ 51

ഉടനവിടെയണഞ്ഞിട്ടുത്തമാവിൻകുമാരി-
ക്കടയൊരുപടുവാകംഭൃത്തനായ്‌ദ്ധവാതം
ഉടൽവിനയസമേതംമെല്ലെമെല്ലെത്തലോടി
സ്ഫുടമവരൊടിവണ്ണംചൊൽകയാണെന്നതോന്നും

“പൈതകിയൊരുതളർപ്പൂക്കെന്തിനീമട്ടുകിടായ്
മരുവുവതിവിടത്തിൽത്തുവിയൽപ്പാറാനിങ്ങം
നിജപമഴണമാളുംനല്ലകാളിന്ദിപാര-
ത്തരളവതിലിറങ്ങാംമുങ്ങിടാംസാരമാററാം. 53

നിഗമനിയമിതാവിൻസംഗമാനന്ദമൽകം
വിഗതകലുഷമാരാംഗോകുലസ്ത്രീസമേതം
ഭഗനിധിയുടെസംഗത്തിലത്യാശയാണിം-
ഗ്ഗഗയിവനെയയച്ചേൻഞാനായ് സ്വാഗതാഖ്യാ”

അതിമൃദുഗതിയായ്ത്താൻ ചൊന്നകാമററനേരം
രതിയുമടിതൊഴുംനൽസുന്ദരീവൃന്ദമേററം
ഗതിയിലഭിലഷിച്ചാർ“നന്ദകാളിന്ദിയിൽസം-
പ്രതിസലിലവിഹാരക്രൂരനോടൊത്തി”വണ്ണം. 55

കരുണകവിയുമാവാനാംകണ്ണനാലിഖിതാക്ഷം
തരുണികളുടെകാമംസർവ്വവുംപോർത്തറിഞ്ഞു
ഉരുതരസമവേതാടൊത്തെഴുകാളിന്ദിനാകി
ത്തെരുതെരെനടകൊണ്ടാൻ, ഭക്തദാസ്യംവരിച്ചോൻ

സരസമവരണഞ്ഞാരക്കജാതീര,മപ്പോൾ
നിരവധിനിജകല്ലോലങ്ങളാംകൈകൾനീട്ടി
ചരണമതിലടിഞ്ഞുംകൊണ്ടുതാനാഗതർക്കായ്
സരഭസമതിവാല്യംചെയ്യുമാമാസ്രവന്തി 57

കലുഷിതമായ് തീർന്നൊരന്യാശയിപ്പോൾ
കരതലഗതമായിത്തീർന്നതിൽത്തുഷ്ടിയോടെ
തിരകളിളകിയന്നാൾ വെണ്ണുരച്ചാർത്തണിഞ്ഞാ-
സ്സുരസരിദിനിതുവീണ്ടൂ ഭാവം മന്ദഹാസം 58

പരിവൃഢപശുപൻതന്നംഗസംഗത്തിലാശാ-
ഭരിതമതിയടങ്ങാതക്കണം വേഗവേഗം
വരിക, വരികയെന്നായ് ഭംഗഹസ്തങ്ങളാൽ നിർ-
ഝരധരിണിയവൾ വിളിപ്പീടുന്നുവെന്നും നിനക്കാം 59

ജലജനിരകളാകും കുഡ്മളച്ചാർത്തിനാലീ-
ജ്ജലജനയനനായഞ്ജലീബന്ധമാട്ടം
അലസതകളൊഴിഞ്ഞിട്ടിറങ്ങേണമെന്നാ-
യലമവളതിഭക്ത്യാ പ്രാർത്ഥനം ചെയ്യുമാകാം. 60

ഹരിസുതയിലിവണ്ണം വ്യംഗ്യമാം ഭാവമെല്ലാം
ഹരിവിരവൊടുവീക്ഷിച്ചുറ്റിട്ടുംക്രീഡയന്ന
ത്വരിതമിതിലിറങ്ങീട്ടിന്നനർമ്മങ്ങൾ ശോഭതാ-
ദ്ദലികളൊടുമിണക്കിച്ചെയ്തുതാ;നെന്നുറച്ചാൻ 61

മുദിതമതി തരമോളം കൈക്കൊണ്ടു കയ്യാലുന്തമിച്ചാ-
മലിമിഴികളെല്ലാമാഹ്ലാദിതകളെന്നോണ്ട്
നലിയിലുഴറിയോടിച്ചാടിനാർ വേഗവേഗം
ഹൃദി പെരുകിയതാപം നീങ്ങുവാനെന്നപോലെ 62

പ്രണയമസൃണമാകുംമട്ടു് ഭ്രൂരൂപംധരിക്കും
കണവനൊടുകലൎന്നുംകൗതുകംപാരമാൎന്നും
ഇണഗണമണിമാരാംചാതകഗോലോകനാക്കീ-
ഗണമഹഹ! കളിച്ചാൎന്നീന്തിയുംകുളിയിട്ടും. 63

ഉപചിതകുതുകംപൂണ്ടംബുകേളിക്കൊരുത്താൾ
ചപലതയൊടൊഴിച്ചും തങ്ങളിൽമംഗിമാരോടെ
'ചപലമിവളെയാരുംതൊട്ടിടാ'യിത്തരത്തിൽ
ദ്വിപഗമനകളാരോവീരവാദംപറഞ്ഞും, 64

പരമസുഖമിയന്നുംതമ്മിലാശ്ലേഷമാൎന്നും
സരസചടുലമാകുംവാക്യമോരോന്നുരച്ചും
സകളമധുരഗീതംപാടിയും മേളമാൎന്നും
കരചരണയുഗങ്ങൾകൊണ്ടൊരാനൃത്തമേറ്റും, 65

പുഴയുടെയടിയോളംമുങ്ങിയുംകാളമേഘ-
ക്കുഴലികൾകരതാരിൽപ്പൂഴിവാരിപ്പിടിച്ചു്
അഴകിനൊടുനിവൎന്നും'നിങ്ങളീമട്ടുചെയ്യാൻ
കഴിയു'മിതിപറഞ്ഞുംമാനമേററംനടിച്ചും, 66

സരസിജമുഖിമാരന്നത്തസരിത്തിങ്കലംഭോ-
ധരസുഭഗശരീരൻതാനുമേവംകളിക്കെ
സുരതരുസുമജാലംകോരിവാരിച്ചൊരിഞ്ഞാർ
ചിരമുപരിനിരന്നോർ, വാദ്യഘോഷമോടും. 67

പരമപുരുഷനാത്മാരാമനെന്നാലുമേററം
പരവശതനടിച്ചും പ്രേമപൂരം കലർന്നും
പരഭൃതമൊഴിമാരൊത്തീവിധം ക്രീഡയാടി
പരമവിഷയിയെപ്പോൽ പാരമാനന്ദമാർന്നു 68

ജനിമൃതിമയമാമിസ്സിന്ധുവിൽ പെട്ടവല്ലാ-
തനിശമുഴലുമാബാലക്കുലമേററവും മുകുന്ദൻ
ധുനിയിലധികനേരം ചെയ്തു ലീലക്കശേഷം
പനിമതിമുഖിമാരൊത്തെത്തിനാൻ തീരദേശം. 69

സുരഭിലസുമഗന്ധം സർവ്വവും സംഭരിച്ചും
സരസമമൃതശൈത്യം മെയ്യിലെല്ലാം നിറച്ചും
തരളതയൊടണഞ്ഞാനപ്പൊഴാ മന്ദാനിലൻ മ-
ന്ദരമൊടുനദിതൻ തീരത്തെഴും പൂവനത്തിൽ 70

വടിവൊടുനടകൊണ്ടാൻ പിന്നെയും പങ്കജാക്ഷി.
മുടിയണിമണിമാരൊടൊത്തുമവ്യക്തരൂപൻ
കൊടിയകുതുകമോടും മത്തമാതംഗർ, തൻതൻ
പിടികളൊടുനടക്കും പോലെയക്കാനനത്തിൽ 71

അനവധിമനതാക്കസ്ത്രീജനത്തിന്നടക്കാ-
യനകനസമമായ് താൻ വാണീടും സത്യകാമൻ
മനുജരിപുരമിച്ചാൻ ചന്ദ്രികാപൂർണ്ണമായോ-
രനുപമതരചിത്രശ്രീശരച്ചർവരീസർവ്വമേവം 72

അവനിയിലറിവേറുംസല്പസജ്ജനൌഘമൊട്ടും
നവരസവുമതല്ലെന്നോകയുണ്ടോരസജ്ഞം
അവയവിലമരത്വംപൂണ്ടു നന്നായ്രമിച്ചാ—
നവനമലശരൽക്കാലത്തിലാരാപ്യതാറും 73

സ്മരനടെവിജയശ്രീരൂപമാരായനാരീ-
നിരകളൊടുകലൎന്നീമട്ടുരാസോത്സവത്തിൽ
സുരതവിധികളെല്ലാമാചരിച്ചെങ്കിലുംതൻ
സുരപതിസഹജങ്കൽധൈൎയ്യമന്തൎമ്മലത്രേ 74

അഹിതകലുഷധൎമ്മങ്ങൾക്കൊരേശത്രുവായും
വിഹിതസകലധൎമ്മങ്ങൾക്കൊരേമിത്രമായും
മഹിയിലവതരിച്ചോനല്ലയോമാനുഷൻതൻ
മഹിമയൊടുമഹേശൻസച്ചിദാനന്ദരൂപൻ 75

ഏവനുമിഹനിനച്ചാലന്യദാരാഭിമൎശ-
ശ്രവണവുമതിമാത്രംപാതകംചേൎപ്പതല്ലോ
ശിവശിവ! യതുകൊണ്ടാവേദശാസ്ത്രാദിയുച്ചാ-
രവമൊടപവദിപ്പൂതദ്വിധാചാരമെല്ലാം 76

ദുരിതപഥമടച്ചുംസത്സദാചാരമാൎഗ്ഗം
പരിചൊടുതെളിയിച്ചുംധൎമ്മരക്ഷാദിചെയ്തും
ഹരിയുലകമശേഷംകാക്കവേ, യെന്നുവാൻദു-
ശ്ചരിതമിതികുറിപ്പൂതന്മഹജ്ജീവിതത്തിൽ 77

ഭുവനരചനരക്ഷാനാശകർതൃതമേലു-
ന്നവനധമകർമ്മം ചെയ്യിലെന്തത്ഭുതമേവം
ധ്രുവമഖിലജനത്തിന്നാമഹാത്മാക്കളും ചെയ്യു-
ന്നവ, നിജപരമാർത്ഥങ്ങളല്ലായ്തീരുമല്ലോ 78

വ്രജകുലതിലകൻസമ്പ്രാപ്തകാമൻനിനപ്പാ-
ലജനവനഹ! യോഗക്ഷേമമെന്നും വഹിപ്പാൻ
നിജഹൃദി പുനരെന്നോർത്തവമാനിന്ദ്യകർമ്മ-
വ്രജമഴകൊടു ചെയ്തു ഗോപനായ് ഗോഷ്ഠത്തിൽ 79

പരമപുരുഷകർമ്മം നിന്ദ്യമോയെന്ന ശങ്കാ-
ങ്കുരമൊടഹഹ! ഹീയെന്തീമട്ടു നീ ചർച്ച ചെയ്തു,
നര! തവ മിഴിയുണ്ടോ കാണുവാൻ സർവ്വലോകേ-
ശ്വരനുടയൊരു കർമ്മങ്ങളും ഗൂഢതത്വം 80

ശരി തവ ഹൃദയാന്തേ കംസകാലന്റെ കർമ്മ-
പ്പെരിമകളിലധർമ്മശങ്കയുണ്ടെങ്കിലോതെ
പരിണതമതിയായ് നീ ചർച്ചചെയ്യാലുമെന്നാൽ
പരിഭവമതിലെല്ലാം ശങ്കപോകേണ്ടതല്ലോ. 81

നിരവധിനിജലോകർക്കിഷ്ടമേകുന്ന സാക്ഷാൽ
സുരവനതരുതുല്യൻ തന്നെയല്ലോ മുകുന്ദൻ
കരളിലഭിലഷിപ്പോരാത്മകർക്കെല്ലാ-
മരമകളുണ്ടെന്നാണാപ്തൻതന്റെ സത്യം. 82

ചിലസമയമധൎമ്മം ചെയ്യുകാണുന്നു സാക്ഷാ-
ല്ലൗകികപതിമാരാമീശ്വരന്മാരുമെന്നാൽ
അവമതി,ലവരോ തേജസ്വിമാർ, സൎവ്വഭുക്കാം
ജ്വലനനുസമ,മെല്ലാമദോഷമില്ലീഷലേതും 83

പരമുലകിലൊരിക്കൽപ്പോലുമുള്ളാലുമീശേ-
തരനൊരുമവനേവം ചെയ്യൊലാ; ചെയ്തുപോയാൽ
ക്ഷരമവനുദ്ഭവം താൻ ജ്ഞാനമില്ലായ്മയാ,ലാ
ഹരനസമനൊരന്യൻ ക്ഷ്വേളമുണ്ടാൽ കണക്കെ. 84

അരുളുവതതിലന്തൻ സത്യമാണീശ്വരന്മാർ
പെരുമയുടയതാം കൎമ്മങ്ങളും സത്യമത്രെ
അരുളുവതിനു തുല്യം കൎമ്മവും ചെയ്ക നന്നാ-
ലൊരുവനതു ചെയ്യാനീഷൽപ്രാണത്തുമൊത്താൽ

അകതളിരിലഹങ്കാരാദി താൻ തെല്ലുമില്ലാ-
ത്തകലുഷനനൂനം ചെയ്തീടിലെന്തധൎമ്മങ്ങളാം
സകലകലുഷകൎമ്മം സൎവ്വദാ ചെയ്തിലെന്തേ
വികലത; സകലാത്മാക്കൾക്കു തുല്യം സമസ്തം 86

പരമപരഗണങ്ങൾക്കീശിതാവാണു, വിശ്വം-
ഭരനമിതമനോജ്ഞൻ രാസലീലാവിലാസി
വിരവിലവനു പാൎത്താൽ മംഗളാമംഗളത്തിൻ
വരവതിതരതുല്യം തന്നെ, രണ്ടും സമാനം 87

ചിരമരിയൊരു യോഗപ്രാഭവം കൊണ്ടു ചിത്താ-
ന്തരമതിലഖിലാത്മാവച്യുതൻ തന്നെയോർത്തു
പരവശത കളഞ്ഞും ബന്ധമെല്ലാമറുത്തും
പരമസുഖമശിക്കും ജ്ഞാനിയും, തൽപ്രഭാവാൽ 88

ഹരിയുടെ ചരണാംഭോജത്തിൽനിന്നും മരന്ദം
ചൊരിവതധികമുണ്ടുന്മത്തരായ് കേശവന്റെ
ചരിതമഹഹ! പാടും ഭക്തരും, ഭൃംഗതുല്യം
പരിചിനൊടു ചരിപ്പൂ പാർത്തലേ ബന്ധമെന്യേ 89

ഇതിമഹിമയെഴുന്നോ, നിസ്പൃഹ പാലരെന്നോരാത്മ-
രതിമ, നഖിലമാശാപാശമുക്തൻ വിഷ്ണുവോൻ
ഗതിയഖിലജനത്തിന്നേകുവോൻ ബലോ മനാസം-
സൃതിയിലഹ! യവൻതാ, “നേകമേവാദ്വിതീയൻ” 90

ഭുവനഹൃദയസംസ്ഥൻ മാധവൻ ഭക്തരർത്ഥി-
ച്ചവനപടുതചേർന്നും മാനുഷം രൂപമാർന്നും
അവനിയിലവതാരം ചെയ്തഹോ! മർത്ത്യരൊക്ക-
ന്നവ ചിലതുമിവണ്ണം ചെയ്തിടുംലീലയല്ലൊ 91

വികസിതമുഖകത്തിൻകാരകൻ തൊട്ടുകീഴോ-
ട്ടുകളുമണുവരെക്കുള്ളോരു നാനാപ്രപഞ്ചം
സകലവുമുയരുന്നുള്ളകതാരായ് സച്ചിദാത്മാ
സകലനുടെ ചരിത്രം കേൾക്കയൊലെണ്ണന്നും 92

അതിതരവിഷയാഭോഗതൃഷ്ണാസക്തമാകും
മതിയെയഴമവതാരം കട്ടുദ്ഗമിപ്പാൻ മുകുന്ദൻ
പ്രതിനവമഴിക്രമം മാറ്റുശൃംഗാരകർമ്മം
ക്ഷിതിയിലഖിലനന്ദകനാചരിച്ചാൻ വിചിത്രം! 93

ഒരു കടുകിനപോലും കൃഷ്ണനിൽ ദോഷമാർത്തീ-
ലൊരുമപൂണ്ടു പന്തമേറും മായതൻ വെളിവത്താൻ
കതിരിയെവനുമേവം മാനസം ഹന്ത! തൻതൻ
തരുണികളരികത്തിൽ ത്താൻ വസിക്കുന്നുവെന്നായ്

കരളിലഖിലപത്നീലാളനം മാനാകിലുംതാ-
ന്നുതനദേവരവം തൃക്കാര്യമെന്നാകണ്ടു
പരനടെയനുവാദം വാങ്ങിയാശ്ലേഷമൂന്നാതീ-
നിരയുടനെന്തനാരാരാമത്തുഗാഢമാലിംഗനം നോക്കി. 95

ആരാണ്ടാരാധനാം ശ്രീഹരിയുടെ മധുരം
രാസലീലാത്സവത്ര-
ത്തിപാരാവാരം ഗ്രഹിക്കാൻ ഇല്ലമിത്തുപടിവ
ർണ്ണിക്കയോ കൂടം കൂടതാനോ
നേരായ് ചൊല്ലുന്നു, ശർമ്മത്തൊട്ടു മുതലാഴ്ചപരാ-
ഭക്തിവാരാകരത്തിൽ
പാരാതാണ്ടീട്ടമായാമഹാഹിതമാവിയ
ക്ലേശമേശാതെപോയോ

നവമസർഗ്ഗം കഴിഞ്ഞു

